| 10-02-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബന്‍ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ആത്മാഭിമാനിയാകുന്നതിനുള്ള അഭ്യാസം ചെയ്യൂ എങ്കില്‍ ദൈവീകഗുണങ്ങള്‍ വന്നുകൊണ്ടിരിക്കും, ക്രിമിനല്‍ ചിന്തകള്‍ സമാപ്തമാകും, അപാരമായ സന്തോഷമുണ്ടാകും.**

**ചോദ്യം:-** തന്റെ പെരുമാറ്റത്തെ ശരിയാക്കുന്നതിനും അപാര സന്തോഷത്തില്‍ ഇരിക്കുന്നതിനും ഏതൊരു സ്മൃതി സദാ ഉണ്ടായിരിക്കണം?
**ഉത്തരം:-** സദാ സ്മൃതിയിലുണ്ടാകണം നമ്മള്‍ ദൈവീക സ്വരാജ്യത്തിന്റെ സ്ഥാപന ചെയ്യുകയാണ്, നമ്മള്‍ മൃത്യുലോകത്തെ ഉപേക്ഷിച്ച് അമരലോകത്തിലേയ്ക്ക് പോവുകയാണ്- ഇതിലൂടെ അപാരമായ സന്തോഷം ഉണ്ടാകും, പെരുമാറ്റവും ശരിയായിക്കൊണ്ടിരിക്കും എന്തുകൊണ്ടെന്നാല്‍ പുതിയ ലോകമായ അമരലോകത്തിലേയ്ക്ക് പോകാന്‍ തീര്‍ച്ചയായും ദൈവീക ഗുണങ്ങള്‍ വേണം. സ്വരാജ്യത്തിനായി അനേകം പേരുടെ മംഗളവും ചെയ്യേണ്ടിവരും, എല്ലാവര്‍ക്കും വഴി പറഞ്ഞുകൊടുക്കേണ്ടിവരും.

**ഓം ശാന്തി**. കുട്ടികള്‍ക്ക് തങ്ങള്‍ സ്വയം ഇവിടെയുള്ളവരാണെന്ന് കരുതരുത്. കുട്ടികള്‍ക്ക് മനസ്സിലായിട്ടുണ്ട് രാമരാജ്യം അഥവാ സൂര്യവംശീരാജ്യം എന്ന് വിളിക്കുന്ന നമ്മുടെ രാജ്യത്തില്‍ എത്ര സുഖവും ശാന്തിയും ഉണ്ടായിരുന്നു. ഇപ്പോള്‍ നമ്മള്‍ വീണ്ടും ദേവതയായി മാറുകയാണ്. മുമ്പും ആയിട്ടുണ്ട്. നമ്മള്‍ തന്നെയായിരുന്നു സര്‍വ്വഗുണ സമ്പന്നന്‍... ദൈവീക ഗുണമുള്ളവര്‍. നമ്മള്‍ നമ്മുടെ രാജ്യത്തിലായിരുന്നു. ഇപ്പോള്‍ രാവണരാജ്യത്തിലാണ്. നമ്മള്‍ നമ്മുടെ സ്വന്തം രാജ്യത്തില്‍ വളരെ സുഖിയായിരുന്നു. അതിനാല്‍ ഉള്ളില്‍ വളരെയധികം സന്തോഷവും നിശ്ചയവും വേണം എന്തുകൊണ്ടെന്നാല്‍ നിങ്ങള്‍ വീണ്ടും തന്റെ രാജധാനിയിലേയ്ക്ക് പോവുകയാണ്. രാവണന്‍ നിങ്ങളുടെ രാജ്യത്തെ അപഹരിച്ചിരിക്കുകയാണ്. നിങ്ങള്‍ക്ക് അറിയാം നമ്മുടേതായി സൂര്യവംശരാജ്യമുണ്ടായിരുന്നു. നമ്മള്‍ രാമരാജ്യത്തിലേതായിരുന്നു, നമ്മള്‍ തന്നെയായിരുന്നു ദൈവീക ഗുണമുള്ളവര്‍, നമ്മള്‍ വളരെ സുഖികളായിരുന്നു പിന്നീട് രാവണന്‍ നമ്മുടെ രാജ്യഭാഗ്യത്തെ അപഹരിച്ചു. ഇപ്പോള്‍ ബാബ വന്ന് തന്റേയും മറ്റുള്ളവരുടേയും രഹസ്യം മനസ്സിലാക്കിത്തരുകയാണ്. അരകല്പം നമ്മള്‍ രാമരാജ്യത്തിലായിരുന്നു പിന്നീട് അരകല്പം നമ്മള്‍ രാവണരാജ്യത്തില്‍ വസിച്ചു. കുട്ടികള്‍ക്ക് ഓരോ കാര്യത്തിലും നിശ്ചയമുണ്ടെങ്കില്‍ സന്തോഷവുമുണ്ടാകും പെരുമാറ്റവും ശരിയാകും. ഇപ്പോള്‍ അന്യദേശത്ത് നമ്മള്‍ വളരെ ദു:ഖികളാണ്. ഭാരതവാസികളായ ഹിന്ദുക്കള്‍ മനസ്സിലാക്കുന്നു നമ്മള്‍ പരന്റെ രാജ്യത്ത് വളരെ ദു:ഖികളായിരുന്നു എന്നാല്‍ ഇപ്പോള്‍ സുഖികളാണ് കാരണം സ്വദേശത്താണ്. പക്ഷേ ഇത് അല്പകാലത്തേയ്ക്കുള്ള കാകവിഷ്ടസമാനമായ സുഖമാണ്. നിങ്ങള്‍ കുട്ടികള്‍ ഇപ്പോള്‍ സദാ കാലത്തേയ്ക്ക് സുഖമുള്ള ലോകത്തിലേയ്ക്ക് പോകുകയാണ്. അതിനാല്‍ നിങ്ങള്‍ കുട്ടികളുടെ ഉള്ളില്‍ വളരെയധികം സന്തോഷം ഉണ്ടായിരിക്കണം. അഥവാ ജ്ഞാനത്തിലില്ലെങ്കില്‍ കല്ലുബുദ്ധി പോലെയാകും. നിങ്ങള്‍ കുട്ടികള്‍ക്ക് അറിയാം നമ്മള്‍ തീര്‍ച്ചയായും രാജ്യം നേടും, ഇതില്‍ ബുദ്ധിമുട്ടിന്റെ കാര്യമൊന്നുമില്ല. രാജ്യം നേടിയിരുന്നു പിന്നീട് അരകല്പം രാജ്യം ഭരിച്ചിരുന്നു അതിനുശേഷം രാവണന്‍ നമ്മുടെ മുഴുവന്‍ കലയേയും ഇല്ലാതാക്കി. അഥവാ ഏതെങ്കിലും നല്ല കുട്ടിയുടെ പെരുമാറ്റം വളരെ മോശമായാല്‍ നിന്റെ ഐശ്വര്യം ഇറങ്ങിപ്പോയോ എന്ന് ചോദിക്കാറുണ്ട്. ഇത് പരിധിയില്ലാത്ത കാര്യമാണ്. മനസ്സിലാക്കണം മായ നമ്മുടെ കലകള്‍ മുഴുവന്‍ ഇല്ലാതാക്കി. നമ്മള്‍ അധ:പതിച്ചുകൊണ്ടേ വന്നു. ഇപ്പോള്‍ പരിധിയില്ലാത്ത ബാബ ദൈവീക ഗുണങ്ങള്‍ പഠിപ്പിക്കുകയാണ്. അതിനാല്‍ സന്തോഷത്തിന്റെ രസം ഉയരണം. ടീച്ചര്‍ അറിവ് നല്‍കുമ്പോള്‍ വിദ്യാര്‍ത്ഥികള്‍ക്ക് സന്തോഷം ഉണ്ടാകും. ഇതാണെങ്കില്‍ പരിധിയില്ലാത്ത ജ്ഞാനമാണ്. എന്റെയുള്ളില്‍ ഒരു ആസുരീയ അവഗുണവുമില്ലല്ലോ എന്ന് സ്വയം നോക്കണം. സമ്പൂര്‍ണ്ണമായി മാറിയില്ലെങ്കില്‍ ശിക്ഷ അനുഭവിക്കേണ്ടതായി വരും. പക്ഷേ നമ്മള്‍ എന്തിന് ശിക്ഷ അനുഭവിക്കണം? അതിനാല്‍ ബാബയെ അഥവാ ആരില്‍ നിന്നാണോ രാജ്യം ലഭിക്കുന്നത് അവരെ ഓര്‍മ്മിക്കണം. നമ്മുടെ ഉള്ളില്‍ എന്തെല്ലാം ദൈവീക ഗുണങ്ങള്‍ ഉണ്ടായിരുന്നുവോ അതെല്ലാം ധാരണ ചെയ്യണം. അവിടെ എങ്ങനെയാണോ രാജാവും റാണിയും അതുപോലെയായിരിക്കും പ്രജകളും എല്ലാവരിലും ദൈവീക ഗുണങ്ങള്‍ ഉണ്ടായിരിക്കും. ദൈവീകഗുണം എന്താണെന്ന് മനസ്സിലാക്കുന്നുണ്ടല്ലോ. അഥവാ ആരെങ്കിലും മനസ്സിലാക്കിയിട്ടില്ലെങ്കില്‍ പിന്നെങ്ങനെ അത് കൊണ്ടുവരും? പാടുന്നുമുണ്ട് സര്‍വ്വഗുണ സമ്പന്നന്‍.... അതിനാല്‍ പുരുഷാര്‍ത്ഥം ചെയ്ത് ഇങ്ങനെയായി മാറണം. ആവുന്നതിന് പരിശ്രമമുണ്ട്. ക്രിമിനല്‍ ദൃഷ്ടിയുണ്ടാകുന്നുണ്ട്. ബാബ പറയുന്നു സ്വയം ആത്മാവാണെന്നു മനസ്സിലാക്കു എങ്കില്‍ ക്രിമിനല്‍ ചിന്ത പറന്നുപോകും. ബാബ അനേകം യുക്തികള്‍ മനസ്സിലാക്കിത്തരുന്നുണ്ട്, ആരിലാണോ ദൈവീകഗുണങ്ങളുള്ളത് അവരെയാണ് ദേവത എന്നു പറയുന്നത്, ആരിലാണോ ഇല്ലാത്തത് അവരെയാണ് മനുഷ്യന്‍ എന്നു വിളിക്കുന്നത്. ഇരുകൂട്ടരും മനുഷ്യര്‍

തന്നെയാണ്. പക്ഷേ ദേവതകളെ എന്തുകൊണ്ടാണ് പൂജിക്കുന്നത്? എന്തുകൊണ്ടെന്നാൽ അവരിൽ ദൈവീക ഗുണങ്ങളുണ്ട് എന്നാൽ മനുഷ്യരുടെ കർമ്മങ്ങൾ കുരങ്ങിനെപ്പോലെയാണ്. പരസ്പരം എത്രത്തോളം വഴക്കും അടിയും ഉണ്ടാക്കുന്നു. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാകില്ല. ഇവിടെയാണെങ്കിൽ ഉണ്ടായിക്കൊണ്ടിരിക്കും. തീർച്ചയായും തന്റെ കൈയ്യിൽ നിന്നും തെറ്റുണ്ടായാൽ സഹിക്കേണ്ടതായി വരും. ആത്മാഭിമാനിയായി മാറിയില്ലെങ്കിൽ സഹിക്കേണ്ടതായിവരും. നിങ്ങൾ എത്രത്തോളം ആത്മാഭിമാനിയായി മാറുന്നുവോ അത്രത്തോളം ദൈവീകഗുണങ്ങൾ വന്നുകൊണ്ടിരിക്കും. തന്റെയുള്ളിൽ ദൈവീക ഗുണങ്ങൾ ഉണ്ടോ എന്ന് സ്വയം പരിശോധിക്കണം. ബാബ സുഖദാതാവാണ് അതിനാൽ കുട്ടികളുടെ ജോലി എല്ലാവർക്കും സുഖം നൽകുക എന്നതാണ്. ഞാൻ ആർക്കും ദുഃഖം നൽകുന്നില്ലല്ലോ എന്ന് തന്റെ ഹൃദയത്തോട് ചോദിക്കണം. പക്ഷേ ചിലരുടെ ശീലമാണ് ആർക്കെങ്കിലും ദുഃഖം കൊടുക്കാതെ അവർക്ക് ഇരിക്കാൻ സാധിക്കില്ല. ജയിൽപുള്ളികളെപ്പോലെയാണ് നേരെയാവുന്നേയില്ല. അവർക്ക് ജയിലിൽ കിടക്കുമ്പോൾ തന്നെയാണ് സുഖം എന്ന് കരുതുന്നു. അവിടെ പക്ഷേ ജയിലൊന്നും ഉണ്ടാകില്ല, ജയിലിൽ പോകേണ്ടിവരാൻ പാപം ഉണ്ടാകാറേയില്ല. ഇവിടെയാണെങ്കിൽ ജയിലിൽ പോയി ശിക്ഷകൾ അനുഭവിക്കേണ്ടതായി വരുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് എപ്പോഴാണോ നമ്മുടെ രാജ്യമുണ്ടായിരുന്നത് അപ്പോൾ നമ്മൾ വളരെ ധനികരായിരുന്നു, ആരാണോ ബ്രാഹ്മണകുലത്തിലുള്ളവർ അവരേ ഇങ്ങനെ ചിന്തിക്കൂ നാം നമ്മുടെ സ്വരാജ്യത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ആ ഒന്നു മാത്രമാണ് നമ്മുടെ രാജ്യം, അതിനെയാണ് ദേവതകളുടെ രാജ്യം എന്ന് വിളിക്കുന്നത്. ആത്മാവിന് എപ്പോഴാണോ ജ്ഞാനം ലഭിക്കുന്നത് അപ്പോൾ സന്തോഷം ഉണ്ടാകുന്നു. തീർച്ചയായും ജീവാത്മാവ് എന്ന് പറയേണ്ടിവരും. നമ്മൾ ജീവാത്മാക്കൾ എപ്പോഴാണോ ദേവീ ദേവതാ ധർമ്മത്തിലുണ്ടായിരുന്നത് അപ്പോൾ ഈ മുഴുവൻ വിശ്വത്തിലും നമ്മുടെ രാജ്യമായിരുന്നു. ഈ ജ്ഞാനം നിങ്ങൾക്കുള്ളതാണ്. നമ്മുടെ രാജ്യം ഉണ്ടായിരുന്നു നമ്മൾ തന്നെയാണ് സതോപ്രധാനമായിരുന്നത് എന്ന് ഭാരതവാസികൾ മനസ്സിലാക്കുന്നില്ല. നിങ്ങൾ മാത്രമാണ് ഈ മുഴുവൻ ജ്ഞാനവും മനസ്സിലാക്കുന്നത്. നമ്മൾ തന്നെയാണ് ദേവതയായിരുന്നത് ഇപ്പോൾ നമുക്ക് തന്നെ ആയിമാറണം. തീർച്ചയായും വിഘ്നങ്ങളും വരുന്നുണ്ട് പക്ഷേ ദിനംപ്രതിദിനം നിങ്ങളുടെ ഉന്നതി ഉണ്ടായിക്കൊണ്ടിരിക്കും. നിങ്ങളുടെ പേര് പ്രശസ്തമായിക്കൊണ്ടിരിക്കും. എല്ലാവരും മനസ്സിലാക്കും ഇത് നല്ല സ്ഥാപനമാണ്, നല്ലകാര്യങ്ങൾ ചെയ്യുന്നുണ്ട്. വളരെ സഹജമായാണ് വഴി പറഞ്ഞുതരുന്നത്. പറയുന്നു നിങ്ങൾ സതോപ്രധാനമായിരുന്നു, ദേവതയായിരുന്നു, തന്റെതന്നെ രാജധാനിയിലായിരുന്നു. ഇപ്പോൾ തമോപ്രധാനമായിരിക്കുന്നു പക്ഷേ ബാക്കിയാരും ഞാൻ രാവണരാജ്യത്തിലാണ് എന്ന് മനസ്സിലാക്കുന്നില്ല.

നിങ്ങൾക്ക് അറിയാം നമ്മൾ എത്ര പരിശുദ്ധമായിരുന്നു, എന്നാൽ ഇപ്പോൾ ശൂന്യരായി മാറി. പുനർജന്മങ്ങൾ എടുത്ത് എടുത്ത് പവിഴ ബുദ്ധിയിൽ നിന്ന് കല്ലുബുദ്ധിയായിത്തീർന്നു. ഇപ്പോൾ നമ്മൾ നമ്മുടെ സ്വരാജ്യം സ്ഥാപിക്കുകയാണ് അതിനാൽ നിങ്ങൾക്ക് കുതിക്കണം, പുരുഷാർത്ഥത്തിൽ മുഴുകണം. ആരാണോ കല്പം മുമ്പ് മുഴുകിയത് അവർ ഇപ്പോഴും തീർച്ചയായും മുഴുകും. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് നമ്മൾ നമ്മുടെ ദൈവീക സ്വരാജ്യം സ്ഥാപിക്കുകയാണ്. ഇതും നിങ്ങൾ മിനിറ്റിന് മിനിറ്റിന് മറന്നുപോകുന്നു. ഇല്ലെങ്കിൽ ഉള്ളിൽ വളരെ അധികം സന്തോഷം ഉണ്ടാകണം. പരസ്പരം ഇതു തന്നെ ഓർമ്മപ്പെടുത്തൂ മന്മനാഭവ. ബാബയെ ഓർമ്മിക്കു ഇപ്പോൾ ബാബയിൽ നിന്നാണ് രാജധാനി നേടുന്നത്. ഇത് പുതിയ കാര്യമൊന്നുമല്ല. കല്പ കല്പം ബാബ നമുക്ക് ശ്രീമതം നൽകുന്നു, ഇതിലൂടെയാണ് നമ്മൾ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നത്. ഇല്ലെങ്കിൽ ശിക്ഷകൾ അനുഭവിച്ച് കുറഞ്ഞ പദവിയാകും നേടുക. ഇത് വളരെ വലിയ ലോട്ടറിയാണ്. ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടുകയാണെങ്കിൽ കല്പകല്പാന്തരങ്ങൾ നേടിക്കൊണ്ടിരിക്കും. ബാബ എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത്. പ്രദർശിനികളിലും ഇതുതന്നെ മനസ്സിലാക്കിക്കൊടുക്കൂ നിങ്ങൾ ഭാരതവാസികൾ ദേവതകളുടെ രാജധാനിയിലുള്ളവരായിരുന്നു പിന്നീട് പുനർജന്മങ്ങൾ എടുത്ത് എടുത്ത് ഏണിപ്പടി ഇറങ്ങി ഇറങ്ങി ഇങ്ങനെയായി മാറി. എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത്. സുപ്രീം ഫാദർ, സുപ്രീം ടീച്ചർ, സുപ്രീം ഗുരുവല്ലേ. നിങ്ങൾ വിദ്യാർത്ഥികൾ എത്രപേരാണ്, മത്സരം നടത്തിക്കൊണ്ടേയിരിക്കുകയാണ്. ബാബയും ലിസ്റ്റ് ചോദിച്ചുകൊണ്ടിരിക്കുകയാണ് എത്രപേർ നിർവ്വികാരിയും പവിത്രവുമായി മാറി?

കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് ആത്മാവ് ഭൃകുടിയ്ക്കു നടുവിൽ തിളങ്ങുകയാണ്. ബാബ പറയുന്നു ഞാനും വന്നിരിക്കുന്നത് ഇവിടെയാണ്. തന്റെ പാർട്ട് അഭിനയിക്കുകയാണ്. എന്റെ പാർട്ടുതന്നെ പതിതരെ പാവനമാക്കുക എന്നതാണ്. ജ്ഞാനസാഗരനാണ്. കുട്ടികൾ ജന്മമെടുക്കുന്നു, ചിലർ വളരെ നല്ലതായിരിക്കും, മോശമായ ചിലരും ഉണ്ടാകും. പിന്നീട് ആശ്ചര്യപ്പെടുത്തിക്കൊണ്ട് കേൾക്കുകയും പറയുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു. അല്ലയോ മായേ നീ എത്ര ശക്തിശാലിയാണ്. എന്നിട്ടും ബാബ

പറയുന്നു ഉപേക്ഷിച്ച് എവിടേയ്ക്ക് പോകാനാണ്? മറുകരയിലെത്തിക്കാൻ ഒരേ ഒരു അച്ഛനേയുള്ളൂ. സദ്ഗതി നൽകുന്നത് ഒരേ ഒരു ബാബയാണ്, ബാക്കി ആർക്കും ഈ ജ്ഞാനം അറിയുകയേയില്ല. ആരാണോ കല്പം മുമ്പ് അംഗീകരിച്ചത് അവരേ അംഗീകരിക്കൂ. ഇതിനായി തന്റെ പെരുമാറ്റത്തെ വളരെയധികം ശരിയാക്കണം, സേവനവും ചെയ്യേണ്ടിവരും. വളരെപ്പേരുടെ മംഗളം ചെയ്യണം. പോയി വളരെയധികം പേർക്ക് വഴിപറഞ്ഞുകൊടുക്കണം. വളരെ വളരെ മധുരമായ വാക്കുകളാൽ പറഞ്ഞുകൊടുക്കണം നിങ്ങൾ ഭാരതവാസികൾ തന്നെയായിരുന്നു വിശ്വത്തിന്റെ അധികാരികൾ. ഇപ്പോൾ വീണ്ടും നിങ്ങൾക്ക് ഇപ്രകാരം തന്റെ രാജധാനി പ്രാപ്തമാക്കാൻ സാധിക്കും. ഇത് നിങ്ങൾക്ക് അറിയാം എങ്ങനെയാണോ ബാബ മനസ്സിലാക്കിത്തരുന്നത് അതുപോലെ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല, എന്നിട്ടും മുന്നോട്ട് പോകവേ മായയിൽ നിന്നും തോൽവി ഏറ്റുവാങ്ങുന്നു. ബാബ സ്വയം പറയുന്നു വികാരങ്ങളുടെമേൽ വിജയം നേടുന്നതിലൂടെയാണ് നിങ്ങൾ ജഗദ്ജീത്താവുന്നത്. ഈ ദേവതകൾ ജഗദ്ജീത്തായിരുന്നു. തീർച്ചയായും അവർ ഇങ്ങനെയുള്ള കർമ്മങ്ങൾ ചെയ്തിട്ടുണ്ടാകണം. ബാബ കർമ്മത്തിന്റെ ഗതിയും മനസ്സിലാക്കിത്തന്നിട്ടുണ്ട്. രാവണരാജ്യത്തിൽ കർമ്മം വികർമ്മമായിരിക്കും, രാമരാജ്യത്തിൽ കർമ്മങ്ങൾ അകർമ്മമായിരിക്കും. അടിസ്ഥാനകാര്യം കാമത്തിനുമേൽ വിജയം നേടി ജഗദ്ജീത്തായി മാറുക എന്നതാണ്. ബാബയെ ഓർമ്മിക്കൂ, ഇപ്പോൾ വീട്ടിലേയ്ക്ക് തിരിച്ചുപോകണം. നമുക്ക് 100 ശതമാനം ഉറപ്പാണ് നമ്മൾ രാജ്യം നേടിയിരിക്കും. പക്ഷേ രാജ്യം ഭരിക്കുന്നത് ഇവിടെയല്ല. ഇവിടെ രാജ്യം പ്രാപ്തമാക്കുകയാണ്. രാജ്യം ഭരിക്കുന്നത് അമരലോകത്തിലാണ്. ഇപ്പോൾ മൃത്യുലോകത്തിനും അമരലോകത്തിനും ഇടയിലാണ്, ഇതും മറന്നുപോകുന്നു അതിനാൽ ബാബ അടിക്കടി ഓർമ്മിപ്പിക്കുന്നു. ഇപ്പോൾ ഇത് പക്കാ നിശ്ചയമാണ് നമ്മൾ നമ്മുടെ രാജധാനിയിലേയ്ക്ക് പോകും. ഈ പഴയരാജധാനി തീർച്ചയായും അവസാനിക്കണം. ഇപ്പോൾ പുതിയ ലോകത്തിലേയ്ക്ക് പോകുവാൻ ദൈവീകഗുണങ്ങൾ തീർച്ചയായും ധാരണ ചെയ്യണം. തന്നോടുതന്നെ സംസാരിക്കണം. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കണം എന്തുകൊണ്ടെന്നാൽ നമുക്ക് തിരിച്ച്പോകേണ്ടത് ഇപ്പോൾത്തന്നെയാണ്. അതിനാൽ സ്വയം ആത്മാവാണെന്നു മനസ്സിലാക്കേണ്ടതും ഇപ്പോഴാണ് കാരണം ബാക്കി ഒരു സമയത്തും തിരിച്ചുപോകേണ്ടതുമില്ല ഈ ജ്ഞാനവും ലഭിക്കില്ല. നമുക്ക് യോഗം ചെയ്യേണ്ടിവരാൻ അവിടെ 5 വികാരങ്ങളേ ഉണ്ടാകില്ല. യോഗം ചെയ്യേണ്ടത് ഈ സമയത്താണ് പാവനമായി മാറുന്നതിനായി. അവിടെ എല്ലാവരും ശരിയായിരിക്കും. പിന്നീട് പതുക്കെ പതുക്കെ കല കുറയുന്നു. ഇത് വളരെ സഹജമാണ്, ക്രോധവും മറ്റുള്ളവർക്ക് ദുഃഖം നൽകാറില്ലേ. ദേഹാഭിമാനമാണ് മുഖ്യം. അവിടെ ദേഹാഭിമാനം ഉണ്ടാകില്ല. ആത്മാഭിമാനിയായതിനാൽ ക്രിമിനൽ ദൃഷ്ടിയും ഉണ്ടാകില്ല. പവിത്രമായ ദൃഷ്ടിയായിരിക്കും. രാവണരാജ്യത്തിൽ അത് ക്രിമിനൽ ദൃഷ്ടിയാകുന്നു. നിങ്ങൾക്കറിയാം നമ്മൾ നമ്മുടെ രാജ്യത്തിൽ വളരെ സുഖിയായിരുന്നു. കാമവുമില്ല ക്രോധവുമില്ല, ഇതിനെക്കുറിച്ച് പറയുന്ന ഗീതവും ഉണ്ട്. അവിടെ ഈ വികാരങ്ങൾ ഉണ്ടാകില്ല. നമുക്ക് അനേകം തവണ ഈ വിജയവും തോൽവിയും ഉണ്ടായിട്ടുണ്ട്. സത്യയുഗം മുതൽ കലിയുഗം വരെ എന്തെല്ലാം സംഭവിച്ചോ അതെല്ലാം ആവർത്തിക്കും. അച്ഛൻ അഥവാ ടീച്ചറിൽ എന്ത് ജ്ഞാനമാണോ ഉള്ളത് അത് എല്ലാവരെയും കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ ആത്മീയ ടീച്ചറും വളരെ അത്ഭുതകരമാണ്. ഉയർന്നതിലും ഉയർന്ന ഭഗവാൻ, ഉയർന്നതിലും ഉയർന്ന ടീച്ചറും കൂടിയാണ് അവർ നമ്മളേയും ഉയർന്നതിലും ഉയർന്ന ദേവതയാക്കി മാറ്റുകയാണ്. നിങ്ങൾ സ്വയം കാണുകയാണ്– ബാബ എങ്ങനെ ദേവതാധർമ്മം സ്ഥാപിക്കുന്നുവെന്ന്. നിങ്ങൾ സ്വയം ദേവതയായി മാറുകയാണ്. ഇപ്പോഴാണെങ്കിൽ എല്ലാവരും സ്വയം ഹിന്ദു എന്നു പറഞ്ഞുകൊണ്ടിരിക്കുകയാണ്. അവർക്കും മനസ്സിലാക്കിക്കൊടുക്കുകയാണ് വാസ്തവത്തിൽ ആദി സനാതന ദേവീദേവതാ ധർമ്മമാണ് ബാക്കി എല്ലാധർമ്മങ്ങളും നടന്നുവരുന്നുണ്ട്. ഈ ഒരു ദേവീദേവതാ ധർമ്മം മാത്രം പ്രായലോപം സംഭവിച്ചിരിക്കുന്നു. ഇത് വളരെ പവിത്രമായ ധർമ്മമാണ്. ഇതുപോലെ പവിത്രമായ മറ്റൊരു ധർമ്മമില്ല. ഇപ്പോൾ പവിത്രമല്ലാത്തതിനാൽ ആർക്കും ഞാൻ ദേവതയാണ് എന്ന് പറയാൻ സാധിക്കില്ല. നിങ്ങൾക്ക് അറിയാം നമ്മൾ ആദി സനാതന ദേവീദേവതാ ധർമ്മത്തിലേതായിരുന്നു അതിനാലാണ് ദേവതകളെ പൂജിക്കുന്നത്. ക്രിസ്തുവിനെ പൂജിക്കുന്നവർ ക്രിസ്ത്യാനികളാണ്, ബുദ്ധനെ പൂജിക്കുന്നവർ ബൗദ്ധികളാണ് അതുപോലെ ദേവതകളെ പൂജിക്കുന്നവർ ദേവതകളാണ്. പിന്നീട് സ്വയം ഹിന്ദുവാണ് എന്ന് എന്തിനാണ് പറയുന്നത്? യുക്തിപൂർവ്വം മനസ്സിലാക്കിക്കൊടുക്കണം. കേവലം പറയണം, ഹിന്ദുധർമ്മം ധർമ്മമല്ല എന്ന്, അപ്പോൾ പിണങ്ങും. പറയൂ, ഹിന്ദുക്കൾ ആദിസനാതന ധർമ്മത്തിലുള്ളവരായിരുന്നു അപ്പോൾ ആദിസനാതന ധർമ്മം എന്നത് ഹിന്ദുവല്ല എന്ന് അല്പം മനസ്സിലാക്കും. ആദി സനാതനം എന്ന വാക്ക് ശരിയാണ്. ദേവതകൾ പവിത്രമായിരുന്നു, ഇപ്പോൾ അപവിത്രമാണ് അതിനാൽ ഇപ്പോൾ സ്വയം ദേവതയാണ് എന്ന് പറയാൻ കഴിയില്ല. കല്പകല്പം ഇങ്ങനെ സംഭവിക്കും, ഇവരുടെ രാജ്യത്തിൽ എത്ര ധനികരുണ്ടായിരുന്നു. ഇപ്പോൾ എല്ലാവരും പാപ്പരാണ്. അവർ കോടിപതികളായിരുന്നു. ബാബ യുക്തികൾ വളരെ നന്നായി നൽകുന്നുണ്ട്. നിങ്ങൾ സത്യയുഗത്തിൽ വസിക്കുന്നവരാണോ അതോ കലിയുഗീ വാസികളാണോ എന്ന് ചോദിക്കാൻ സാധിക്കും. കലിയുഗികളാണെങ്കിൽ തീർച്ചയായും

നരകവാസിയാണ്. സത്യയുഗത്തിൽ വസിക്കുന്നവർ സ്വർഗ്ഗവാസികളായ ദേവതകളായിരിക്കും. ഇങ്ങനെ ചോദ്യം ചോദിക്കുകയാണെങ്കിൽ മനസ്സിലാക്കും ചോദ്യം ചോദിക്കുന്നവർക്ക് തീർച്ചയായും സ്വയം പരിവർത്തനം ചെയ്ത് ദേവതയാക്കി മാറ്റാനും സാധിക്കുമെന്ന്. അല്ലാതെ മറ്റാർക്കും ചോദിക്കാൻ സാധിക്കില്ല. ആ ഭക്തിമാർഗ്ഗം തന്നെ വേറിട്ടതാണ്. ഭക്തിയുടെ ഫലം എന്താണ്? അതാണ് ജ്ഞാനം. സത്യത്രേതായുഗങ്ങളിൽ ഭക്തിയുണ്ടാവുകയില്ല. ജ്ഞാനത്തിലൂടെ അരകല്പം പകലും, ഭക്തിയിലൂടെ അരകല്പം രാത്രിയും. അംഗീകരിക്കുന്നവരാണെങ്കിൽ അംഗീകരിക്കും. അംഗീകരിക്കാത്തവർ ജ്ഞാനത്തേയും അംഗീകരിക്കില്ല അതിനാൽ ഭക്തിയേയും അംഗീകരിക്കില്ല. കേവലം പണം സമ്പാദിക്കാൻ മാത്രമേ അറിയൂ.

നിങ്ങൾ കുട്ടികൾ ഇപ്പോൾ യോഗബലത്താൽ ശ്രീമതത്തിലൂടെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. പിന്നീട് അരകല്പത്തിനുശേഷം രാജ്യം നഷ്ടപ്പെടുത്തുന്നുമുണ്ട്. ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) വളരെയധികം ആളുകളുടെ മംഗളം ചെയ്യുന്നതിനായി തന്റെ വാക്കുകളെ വളരെ മധുരമാക്കി മാറ്റണം. മധുരമായ വാക്കുകളാൽ സേവനം ചെയ്യണം. സഹനശീലരായി മാറണം.

2) കർമ്മങ്ങളുടെ ഗഹനമായ ഗതിയെ മനസ്സിലാക്കി വികാരങ്ങളുടെമേൽ വിജയം നേടണം. ജഗദ്ജീത്തായ ദേവതയായി മാറണം. ആത്മാഭിമാനിയായി മാറി ക്രിമിനൽ ദൃഷ്ടിയെ പവിത്രമാക്കി മാറ്റണം.

## വരദാനം:- ശ്രേഷ്ഠ കർമ്മത്തിലൂടെ ദിവ്യ ഗുണമാകുന്ന പ്രഭൂ പ്രസാദം വിതരണം ചെയ്യുന്ന ഫരിസ്തയിൽ നിന്നും ദേവതയായി ഭവിക്കൂ

വർത്തമാന സമയം അജ്ഞാനി ആത്മാക്കളാകട്ടെ, ബ്രാഹ്മണ ആത്മാക്കളാകട്ടെ, രണ്ട് പേർക്കും ഗുണദാനത്തിന്റെ ആവശ്യകതയാണ് ഉള്ളത്. അതുകൊണ്ട് ഈ വിധിയെ സ്വയത്തിൽ ബ്രാഹ്മണ പരിവാരത്തിൽ തീവ്രമാക്കൂ. ഈ ദിവ്യഗുണം ഏറ്റവും ശ്രേഷ്ഠമായ പ്രഭൂ പ്രസാദമാണ്, ഈ പ്രസാദം നന്നായി വിതരണം ചെയ്യൂ, ഏതുപോലെയാണോ സ്നേഹത്തിന്റെ അടയാളമായി പരസ്പരം ടോളി കഴിപ്പിക്കുന്നത് അതുപോലെ ദിവ്യഗുണങ്ങളുടെ ടോളിയും കഴിപ്പിക്കൂ എങ്കിൽ ഈ വിധിയിലൂടെ ഫരിസ്തയിൽ നിന്നും ദേവതയാകുന്നതിന്റെ ലക്ഷ്യം സഹജമായും എല്ലാവരിലും പ്രത്യക്ഷമായി കാണപ്പെടും.

## സ്ലോഗൻ:- യോഗമാകുന്ന കവചത്തെ അണിഞ്ഞിരിക്കുകയാണെങ്കിൽ മായയാകുന്ന ശത്രു യുദ്ധം ചെയ്യില്ല.